# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 931 11/06/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് വിതരണം

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് വിതരണത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; | (എ) | നഴ്സറി തലം മുതൽ പത്താംക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ, ചക്ലിയൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന് പുറമെ പ്രതിമാസ സ്റ്റൈപന്റ് കൂടി അനുവദിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനത്തിൽ ചേരുന്ന മുറയ്ക്ക് തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവി സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ വഴി സ്റ്റൈപന്റ് അനുവദിച്ചുവരുന്നു. പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350/- രൂപ മുതൽ 2500/- രൂപ വരെ വ്യത്യസ്ത നിരക്കിലാണ് ലംപ്സംഗ്രാന്റ് അനുവദിക്കുന്നത്. 8 കി.മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500/- രൂപ, 8 കി. മീറ്ററിനു പുറത്ത് താമസിക്കുന്നവർക്ക് 600/- രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപന്റ് അനുവദിച്ചു വരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസഭക്ഷണചെലവും, പോക്കറ്റു മണിയായി 150/- രൂപയും അനുവദിച്ചുവരുന്നു. പ്രൊഫഷണൽ |

| | | | |
|---|---|---|---|
| | | | കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്ഥാപനത്തോടു ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം നടത്തുകയാണെങ്കിൽ 1500/- രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.<br><br>സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ് റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നേഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന എസ്.സി. വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, സ്പെഷ്യൽ ഫീസ്, മെസ്സ് ഫീസ്, സർക്കാർ/സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്ന രീതി വ്യക്തമാക്കുമോ; എത്ര മാസത്തെ സ്റ്റൈപ്പന്റ് മുടക്കമുണ്ടെന്ന് അറിയിക്കുമോ ; | (ബി) | പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യ വിതരണം ഇ-ഗ്രാന്റ്സ് സംവിധാനത്തിലൂടെയാണ് നൽകി വരുന്നത്. ഈ സംവിധാനത്തിൽ വിദ്യാർത്ഥികൾ അക്ഷയ കേന്ദ്രം വഴി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഫണ്ട് ക്ലെയിം സ്റ്റേറ്റ്മെന്റ് പരിശോധിച്ച് വിദ്യാർത്ഥി കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് |

431

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റ് മുഖേന ആനുകൂല്യം ക്രെഡിറ്റ് ചെയ്തുവരുന്നു.<br><br>പ്രീ-മെട്രിക് തലത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർ തുക കൈമാറി ഡി.ഡി. യായി സ്കൂൾ മേധാവിയ്ക്ക് കൈമാറുന്നു. സ്കൂൾ മേധാവി (ഹെഡ്മാസ്റ്റർ) തുക മാറി കുട്ടികൾക്ക് അനുവദിച്ചുവരുന്നു. മുടക്കമില്ലാതെ സ്റ്റൈപന്റ് അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് ബുക്ക് ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ബുക്ക് ബാങ്കിംഗ് പദ്ധതി പട്ടികജാതി വികസന വകുപ്പിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ